ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: **DGE/8403/2025-H2**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : **23-05-2026**
ഇ-മെയിൽ : **supdth.dge@kerala.gov.in**

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ
എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ ഗവ / എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർ
(ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം :-പൊതുവിദ്യാഭ്യാസം- സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ദിവസവേതന നിയമനം നടത്തുന്നത് - സംബന്ധിച്ച്

സൂചന :-**1. 23.05.2025** ലെ സ . ഉ (സാധാ) നം **.3455/2025/Gedn**
**2. 23.05.2025** ലെ സ . ഉ (സാധാ) നം **.3456/2025/Gedn**

******************

സൂചന **(1), (2)** പ്രകാരം **2025-26** വർഷത്തെ സർക്കാർ സ്കൂളിലെയും , എയ്ഡഡ് സ്കൂളിലെയും ദിവസവേതന നിയമനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. തുടർന്നുള്ള വർഷങ്ങളിലും ഈ നിർദ്ദേശങ്ങൾ ബാധകമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനോടൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി വിദ്യാഭ്യാസ ഓഫീസർമാർക്കും , മാനേജർമാർക്കും , പ്രഥമാധ്യാപകർക്കും

നൽകുന്നു.

1. കെ - ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട **1385/2025 &** അനുബന്ധ സിവിൽ അപ്പീലുകളിൽ ബഹു സുപ്രീം കോടതി **01.09.2025** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം പ്രകാരം സർക്കാർ പുറപ്പെടുവിച്ച **13.01.2026** ലെ സ . ഉ . (കൈ) നം . **05/2026**/പൊ വി വ , **28.02.2026** ലെ സ . ഉ (കൈ) നം .**38/2026**/പൊ വി വ ഉത്തരവ് പ്രകാരം പൂർണ യോഗ്യതയുള്ളവരെ മാത്രം (സർക്കാർ സുപ്രീം കോടതിയിൽ നൽകിയിരിക്കന്ന റിവ്യൂ ഹർജിക്ക് വിധേയമായി) ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്.
2. പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർ ക്ലാസ് ചാർജ് കൂടെ വഹിക്കുന്നതിനാൽ അവരുടെ അഭാവം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നതാണ് . ആയതിനാൽ മറ്റ് അധ്യാപകർ അവധിയിൽ പ്രവേശിക്കുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതുപോലെ പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർ അവധിയിൽ പ്രവേശിക്കുമ്പോഴും ദിവസവേതനത്തിൽ അധ്യാപകരെ നിയമിക്കാവുന്നതാണ്. പ്രഥമാധ്യാപകരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതിനായി അനുവദിച്ചിരിക്കുന്ന അധിക **LPST / UPST** തസ്തികയിൽ അധ്യാപകർ ജോലി ചെയ്യുന്നുണ്ടെങ്കിൽ പ്രഥമാധ്യാപകരുടെ ഒഴിവിൽ ദിവസവേതനത്തിൽ നിയമിക്കേണ്ടതില്ല.
3. സർക്കാർ സ്കൂളുകളിൽ ഓരോ അക്കാദമിക്ക് വർഷവും ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നടത്തുന്ന നിയമനങ്ങളിൽ മെറിറ്റ് , സംവരണം എന്നിവ **1: 1** അനുപാതത്തിൽ തന്നെ ആയിരിക്കണം , ഓരോ അക്കാദമിക്ക് വർഷവും ഉണ്ടാകുന്ന രണ്ടാമത്തെ ഒഴിവ് സംവരണം ചെയ്ത **SC/ST / OBC** വിഭാഗത്തിൽ നികത്തണം എന്നും ഈ ഒഴിവുകളിൽ സംവരണ വിഭാഗക്കാരെ ലഭ്യമല്ലെങ്കിൽ മാത്രം പൊതുവിഭാഗത്തിൽ നിന്നും നികത്താം എന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശം ഉണ്ട്. ഏതെങ്കിലും തസ്തികയിലെ ഒഴിവ്

സംവരണ വിഭാഗക്കാരെ ലഭ്യമല്ല എന്ന കാരണത്താൽ പൊതുവിഭാഗത്തിലേക്ക് മാറ്റിയാൽ അതിനുപകരമായി തൊട്ടടുത്ത ഒഴിവ് വരുന്ന തസ്തിക തന്നെ സംവരണ വിഭാഗത്തിലേക്ക് മാറ്റി നൽകി മെറിറ്റ് , സംവരണം എന്നിവയുടെ അനുപാതം എപ്പോഴും 1:1 അനുപാതത്തിൽ തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ് എന്ന് നിർദ്ദേശം നൽകുന്നു . കൂടാതെ സംവരണം കൃത്യമായി പാലിക്കുന്നുണ്ട് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ ഇൻസ്പെക്ഷൻ വേളയിൽ കൃത്യമായി പരിശോധിക്കേണ്ടതുമാണ്.

4. സർക്കാർ സ്കൂളുകളിൽ സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിദ്യഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ / പ്രധിനിധി ഇന്റർവ്യൂവിൽ പങ്കെടുക്കണമെന്ന് സർക്കാർ ഉത്തരവിൽ നിർദ്ദേശമുണ്ട്. ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സർക്കാർ ഹൈസ്കൂളുകൾ ആണെങ്കിൽ ജില്ലാ പഞ്ചായത്തിലെ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ / പ്രധിനിധി ആണ് ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടത് എന്ന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - 2025-2026 അധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3456/2025/GEDN തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14-05-2025 തീയതിയിലെ ഡി.ജി.ഇ/8403/2025(2)/H2 നമ്പർ കത്ത്.

**ഉത്തരവ്**

2025-26 അധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികവും ഒരു അക്കാദമിക വർഷത്തിൽ താഴെയും ദൈർഘ്യമുള്ള ഒഴിവുകളിൽ, ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരുടെയും/ഫുൾ ടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപകരുടെയും നിയമനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികവും ഒരു അക്കാദമിക വർഷത്തിൽ താഴെയും ദൈർഘ്യമുള്ള ഒഴിവുകളിൽ, ചുവടെ പറയുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് 2025-26 അധ്യയന വർഷവും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരുടെയും /ഫുൾ മീനിയൽ ഉൾപ്പടെയുള്ള അനധ്യാപകരുടെയും നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു:

1 . സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള മുൻകാല ഉത്തരവിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ് എന്ന നിർദേശം എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും നൽകാവുന്നതാണ്.

2 . കെ-ടെറ്റ്/സെറ്റ് യോഗ്യത നേടിയതോ, സ്ഥിരം ഇളവ് ലഭിച്ചിട്ടുള്ളതോ ആയ

അധ്യാപകരെയാണ് ദിവസവേതനാടിസ്ഥാനത്തിലും അതതു മാനേജർമാർ നിയമിക്കേണ്ടത്.

3 . മേൽ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാർക്ക്, അതതു വർഷങ്ങളിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്നതോ/ മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതും ഇപ്പോൾ നിലനിൽക്കുന്നതോ ആയ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ ദിവസവേതനം നൽകേണ്ടതാണ്.

4 . ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ മുൻപറഞ്ഞ മാനദണ്ഡങ്ങളനുസരിച്ചുള്ള ഒഴിവിൽ, അതതു സ്പെഷ്യൽ ചട്ടങ്ങൾ പ്രകാരം യോഗ്യതയുള്ള അധ്യാപകരെ നിലവിലുള്ള സർക്കാർ നിർദേശങ്ങൾക്കനുസൃതമായി യോഗ്യതയുള്ള അധ്യാപകരെയും (HSST/ HSST(Jr)/ NVT/ NVT(Jr) / NSQF- Vocational Teacher) അനധ്യാപകരെയും ഇപ്രകാരം നിയമിക്കേണ്ടതാണ്.

5 . ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരെ ആവശ്യമെങ്കിൽ, സ്കൂൾ കലണ്ടർ പ്രകാരമുള്ള അക്കാദമിക വർഷത്തിലെ അവസാന പ്രവർത്തി ദിനം വരെയും പ്രസ്തുത സ്കൂളിൽ തുടരുവാനും അക്കാദമിക പ്രവർത്തനം നടത്തുവാനും അനുവദിക്കാവുന്നതും അർഹമായ ദിവസ വേതനം നൽകേണ്ടതുമാണ്.

6 . ദിവസവേതന നിയമനം നടത്തുന്നതിന് അതത് വിഭാഗത്തിൽ റാങ്ക്പട്ടിക തയ്യാറാക്കി അതിനനുസൃതമായി നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കുമ്പോൾ, ഒഴിവില്ലാതെ വരുന്ന സാഹചര്യത്തിൽ പട്ടികയിലെ ഏറ്റവും ജൂനിയർ ആദ്യം പുറത്താകുന്നതുമാണ്. നിയമനാംഗീകാരം നൽകുന്നതുപോലുള്ള മറ്റു സന്ദർഭങ്ങളിൽ റാങ്ക് ലിസ്റ്റ് ആവശ്യമാണെന്ന നിബന്ധന നിർബന്ധമാക്കേണ്ടതില്ല.

7. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ സ്ഥിരനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിയ്ക്കും വിരമിക്കൽ പ്രായത്തിനുമകത്തുള്ളവരെ ( 56 വയസ്സ്) പരിഗണിക്കാവുന്നതാണ്.

3. സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതുവരെ തുടർന്നുള്ള അക്കാദമികവർഷങ്ങളിലും ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ തന്നെ ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ( ഹയർ സെക്കണ്ടറി വിഭാഗം) വൊക്കേഷണൽ, തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ(വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം) , തിരുവനന്തപുരം.

എല്ലാ മേഖലാ ഉപമേധാവിമാർക്കും അസിസ്റ്റ് ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&.ഇ) ,കേരള, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ(വെബ് & ന്യൂ മീഡിയ) / പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ: ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - 2025-26 അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3455/2025/GEDN തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:-

1. സ.ഉ.(പി )നം. 249/2002/പൊ.വി.വ തീയതി 14-08-2002.
2. സ.ഉ.(പി )നം. 382/2004/പൊ.വി.വ തീയതി 20-12-2004.
3. ബഹു. ഹൈക്കോടതി WP(C) 19357/2025 നമ്പർ ഹർജിയിൽ 13.03.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14-05-2023 തീയതിയിലെ ഡി.ജി.ഇ/8403/2025(1)/H2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-26 അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ 30 ദിവസത്തിലധികവും ഒരു അക്കാദമിക വർഷത്തിൽ താഴെയും ദൈർഘ്യമുള്ള ഒഴിവുകളിൽ, ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരുടെയും/ഫുൾ ടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപകരുടെയും നിയമനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 30 ദിവസത്തിലധികവും ഒരു അക്കാദമിക വർഷത്തിൽ താഴെയും ദൈർഘ്യമുള്ള ഒഴിവുകളിൽ, ചുവടെ പറയുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് 2025-26 അധ്യയന വർഷവും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരുടെയും/ഫുൾ ടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപകരുടെയും നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) പരാമർശം (3) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ ദിവസവേതന നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ താഴെപ്പറയുന്ന തെരഞ്ഞെടുപ്പ് സമിതി അംഗങ്ങൾ മാത്രം

ചേർന്നാണ് ഇന്റർവ്യൂ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കേണ്ടത് :

(i) സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിദ്യാഭ്യാസ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/പ്രതിനിധി.

(ii) ബന്ധപ്പെട്ട സ്കൂളിലെ പ്രഥമാധ്യാപകൻ/പ്രധമാധ്യാപിക.

(iii) ഹൈസ്കൂളുകളിലെ നിയമനങ്ങൾക്ക്, പ്രസ്തുത സ്കൂളിലെ അതതു വിഷയങ്ങൾ/ഭാഷാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സീനിയർ ആയ അധ്യാപകൻ/അധ്യാപിക. (വിഷയത്തിലെ അധ്യാപകനെ അതാത് സ്കൂളിൽ ലഭ്യമായില്ലെങ്കിൽ സമീപ സ്കൂളിൽ നിന്നുമുള്ള അധ്യാപകനെ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അനുമതിയോടെ ഉൾപ്പെടുത്തണം.)

(iv) പ്രൈമറി സ്കൂളുകളിലെ നിയമനങ്ങൾക്ക്, പ്രസ്തുത സ്കൂളിലെ ഏറ്റവും സീനിയർ ആയ അദ്ധ്യാപകൻ/അധ്യാപിക.

**2.** തസ്തിക നിർണ്ണയം സംബന്ധിച്ച് അതത് കാലങ്ങളിൽ നിലവിലിരിക്കുന്ന തസ്തിക നിർണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അധ്യാപകർ അധികമെന്നു കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്. അധികമായി കണ്ടെത്തിയ അധ്യാപകരെയെല്ലാം നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലം മാറ്റി ക്രമീകരിക്കേണ്ടതാണ്.

3 . പരാമർശം (3) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനും നിയമിക്കുന്നതിനും ഉള്ള മുൻഗണനകൾ താഴെ പറയും പ്രകാരം നൽകാവുന്നതാണ്:

<u>(എ) തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ ക്രമം</u>

(i) അതതു ജില്ലകളിലെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ റാങ്ക് അടിസ്ഥാനത്തിൽ, പ്രഥമ പരിഗണന നൽകാവുന്നതാണ്. ഷോർട്ട് ലിസ്ററാണ് ലഭ്യമെങ്കിൽ പ്രായക്കൂടുതൽ ഉള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്. എന്നാൽ, ഇത്തരത്തിൽ ദിവസ വേതന നിയമനം ലഭിക്കുന്ന കാലയളവിലെ ആനുകൂല്യങ്ങൾ ഒന്നും തന്നെ, ഭാവിയിൽ അവർക്ക് പി.എസ്.സി മുഖേന ലഭിക്കുന്ന സ്ഥിരനിയമനത്തിനു പരിഗണിക്കുന്നതല്ല .

(ii) സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തേക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും യോഗ്യരായവരും നിലവിൽ രജിസ്ട്രേഷൻ പുതുക്കി വരുന്നതുമായ ഉദ്യോഗാർത്ഥികളെ രജിസ്റ്റർ നമ്പർ, പ്രായം എന്നീ ക്രമത്തിൽ നിയമനത്തിന് ദ്വിതീയ

പരിഗണന നൽകേണ്ടതാണ്. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് അപേക്ഷകർ ഹാജരാക്കേണ്ടതാണ്.

(iii) ക്രമ നമ്പർ (i), (II) എന്നിവ പ്രകാരമുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം, അടുത്ത ഊഴം എന്ന നിലയിൽ അധ്യാപക നിയമനങ്ങൾക്കും അനധ്യാപക നിയമനങ്ങൾക്കും നിശ്ചിത യോഗ്യതയുള്ളവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.

(iv) ഒരു വ്യക്തിക്ക് ഒരു സ്ഥാപനത്തിൽ പരമാവധി 5 തവണ ദിവസവേതനനിയമനം നൽകാവുന്നതാണ്. തുടർന്ന് മറ്റാരെയും ലഭ്യമല്ലാതെ വന്നാൽ മാത്രം വീണ്ടും നിയമനം നൽകാവുന്നതാണ്.

<u>(ബി) നിയമനത്തിന്റെ മുൻഗണനാക്രമം</u>

(i) ഓരോ സ്കൂളിനെയും ഓരോ യൂണിറ്റ് ആയി പരിഗണിച്ച്, ഓരോ അക്കാദമിക വർഷവും ഉണ്ടാകുന്ന ആദ്യ ഒഴിവ് മെറിറ്റ് അടിസ്ഥാനത്തിൽ നികത്തണം .

(i) ഓരോ അക്കാദമിക വർഷവും ഉണ്ടാകുന്ന രണ്ടാമത്തെ ഒഴിവ് സംവരണം ചെയ്ത് എസ്.സി/എസ്.റ്റി, ഒ.ബി.സി വിഭാഗത്തിൽ നിന്നും നികത്തണം. ഈ ഒഴിവുകളിൽ സംവരണ വിഭാഗക്കാരെ ലഭ്യമല്ലെങ്കിൽ മാത്രം പൊതുവിഭാഗത്തിൽ നിന്നും നികത്താം.

(iii) 2016 ലെ RPwD ആക്റ്റിലെ ചട്ടം 34(1) പ്രകാരമുള്ള മുൻഗണനാ ക്രമം അനുസരിച്ച് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അർഹമായ വിഹിതം നൽകണം.

(iv) ഓരോ അക്കാദമിക വർഷവും ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നടത്തുന്ന നിയമനങ്ങളിൽ, മെറിറ്റ്, സംവരണം എന്നിവ 1 : 1 അനുപാതത്തിൽ തന്നെ ആയിരിക്കണം .

4. കെ-ടെറ്റ്/സെറ്റ് യോഗ്യത നേടിയതോ, സ്ഥിരം ഇളവ് ലഭിച്ചിട്ടുള്ളതോ ആയ അധ്യാപകരെയാണ് ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്.

5. ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകർ റഗുലർ ഒഴിവിൽ തുടരുന്ന കാരണത്താൽ പ്രസ്തുത ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുത്. അപ്രകാരം കൃത്യവിലോപം കാട്ടുന്നവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

6 . ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന അധ്യാപകർക്ക് ധനവകുപ്പ് അതതുകാലത്തേയ്ക്കു ബാധകമാക്കി പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ ദിവസവേതനം അനുവദിക്കാവുന്നതാണ്. നിരക്ക് വർധന വരുത്തി സർക്കാർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്ന പക്ഷം പുതുക്കിയ നിരക്ക് ബാധകമാക്കേണ്ടതാണ്.

7 . ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ മുൻപറഞ്ഞ മാനദണ്ഡങ്ങളനുസരിച്ചുള്ള ഒഴിവിൽ അതതു വിശേഷാൽ ചട്ടങ്ങൾ, നിലവിലുള്ള സർക്കാർ നിർദേശങ്ങൾ എന്നിവയ്ക്കനുസൃതമായി മാത്രം യോഗ്യതയുള്ള അധ്യാപകരെയും (HSST/ HSST(Jr)/NVT/NVT(Jr)/NSQF-Vocational Teacher) അനധ്യാപകരെയും നിയോഗിക്കാവുന്നതാണ്.

8 . ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരെ ആവശ്യമെങ്കിൽ, സ്കൂൾ കലണ്ടർ പ്രകാരമുള്ള അക്കാദമിക വർഷത്തിലെ അവസാന പ്രവർത്തി ദിനം വരെയും പ്രസ്തുത സ്കൂളിൽ തുടരുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കുന്നതിനും അർഹമായ ദിവസവേതനം നൽകുന്നതിനും അനുമതി നൽകുന്നു.

9. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ അതത് തസ്തികകളിൽ പി എസ്.സി നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിയ്ക്കും ജനുവരി 1 ലെ പ്രായം പരമാവധി 56 നുമിടയിലുള്ളവരെ പരിഗണിക്കേണ്ടതാണ്.

10. ദിവസവേതന നിയമനം നടത്തുന്നതിന് അതത് വിഭാഗത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിനനുസൃതമായി നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കുമ്പോൾ, ഒഴിവില്ലാതെ വരുന്ന സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിൽ താഴെ വരുന്ന വ്യക്തി ആദ്യം പുറത്താകുന്നതുമാണ് എന്നുള്ള നിബന്ധന ഉൾപ്പെടുത്തേണ്ടതാണ്.

11. ദിവസ വേതന നിയമന വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് അറിയുവാൻ കഴിയുന്ന രീതിയിൽ അനുയോജ്യമായ ഇടങ്ങളിൽ പ്രസിദ്ധപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദേശം നൽകേണ്ടതാണ്.

3.സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതുവരെ തുടർന്നുള്ള അക്കാദമികവർഷങ്ങളിലും ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ തന്നെ ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം),തിരുവനന്തപുരം'

പൊതു വിദ്യാഭ്യാസ ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം),തിരുവനന്തപുരം

എല്ലാ ആർ ഡി ഡിമാർക്കും എ.ഡി മാർക്കും /വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന).

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ (വെബ്& ന്യൂമീഡിയ /പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി എക്ക്